അവയുടെ 'ഗുണം'(സംഹാരശക്തി) വർദ്ധിപ്പിക്കുന്നതിലായിരിക്കുന്നു. സൃഷ്ടിപരങ്ങളായ കാര്യങ്ങൾക്കുപയോഗിക്കാവുന്ന അപരിമിതമായ വിഭവശേഷിയാണ് ഈ ആയുധപ്പന്തയത്തിൽ ചെലവഴിക്കപ്പെടുന്നത്. ഇന്ന ലോകത്തിൽ ദാരിദ്ര്യമുണ്ടെങ്കിൽ, മനുഷ്യർ പട്ടിണികിടക്കുന്നുണ്ടെങ്കിൽ, ജനങ്ങൾക്കു വേണ്ടത്ര വിദ്യാഭ്യാസമോ ആരോഗ്യസേവനമോ പാർപ്പിടമോ തൊഴിലോ ലഭിക്കുന്നില്ലെങ്കിൽ, അതിന്റെ മുഖ്യകാരണം രാഷ്ട്രങ്ങൾക്കിടയിലെ ആയുധപ്പന്തയമാകുന്നു.

വാളെടുത്തവൻ വാളാൽ നശിക്കും. ആയുധം കൂട്ടിവെച്ചവർ പ്രഥമ സൗകര്യത്തിൽ അതു് ഉപയോഗിക്കാനും മടിക്കുകയില്ല. സ്വയംകൃതമായ അണ്വായുധഭീഷണി ഇന്നു് മനുഷ്യവർഗത്തെ ഒരു ശാപംപോലെ ബാധിച്ചിരിക്കുന്നു. ചക്ഷുഃശ്രവണ ഗളസ്ഥമാം ദർദ്ദുരത്തോടു് ലോകത്തെ എഴുത്തച്ഛൻ ഉപമിക്കുകയുണ്ടായി. മനുഷ്യവർഗമാകുന്ന ദർദ്ദുരത്തെ (തവളയെ) ഇന്നു് യഥാർത്ഥത്തിൽ ഒരു ചക്ഷുഃശ്രവണൻ (സർപ്പം) വിഴുങ്ങിക്കഴിഞ്ഞിരിക്കുന്നു.

അമേരിക്കയുടെയും റഷ്യയുടെയും അണ്വായുധശേഖരമത്രേ ആ ചക്ഷുഃശ്രവണൻ. അതിന്റെ തൊണ്ടയിൽനിന്നു പുറത്തുവരാൻ ഈ തവളയ്ക്കു് ഇനി യോഗമുണ്ടാകുമോ?

15 ഒക്ടോബർ, 1981

# 9. ലോകപ്രതിസന്ധി

ലോകത്തിലെ എല്ലാ രാജ്യങ്ങളും ദാരുണമായ ഒരു പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. വ്യവസായങ്ങൾ വളരുന്നില്ല. അതിനാൽ തൊഴിലില്ലായ്മ പെരുകുന്നു. യുവാക്കൾ അസ്വസ്ഥരാകുന്നു. നാണ്യപ്പെരുപ്പം കൂടിക്കൂടി വരുന്നു. അതുകൊണ്ടു് സാധനവില വർദ്ധിക്കുന്നു. നിത്യോപയോഗസാധനങ്ങൾകൂടി വാങ്ങാൻ ആളുകൾക്കു കഴിയുന്നില്ല. കൃഷി ആദായകരമല്ലാതായിരിക്കുന്നു. വേണ്ടത്ര ഭക്ഷ്യസാധനങ്ങളും വ്യാവസായിക — അസംസ്കൃതസാധനങ്ങളും ഉല്പാദിപ്പിക്കപ്പെടുന്നില്ല. ഇതു നിമിത്തം ലോകത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യക്ഷാമവും ചില ഭാഗങ്ങളിൽ പട്ടിണിമരണങ്ങളും ഉണ്ടായേക്കാമെന്നു പലരും ഭയപ്പെടുന്നു.

ഈ പ്രതിസന്ധിയുടെ ചില വശങ്ങൾ ചർച്ച ചെയ്യുന്ന ഒരു സെമിനാർ മാർച്ച് 20, 21 തീയതികളിൽ തിരുവനന്തപുരത്തു് എ. കെ. ജി. പഠനകേന്ദ്രത്തിൽ നടക്കുകയുണ്ടായി. ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാടു്, ശ്രീ രണദിവേ മുതലായ മാർക്സിസ്റ്റ് ചിന്തകന്മാരുടേയും ഡോ. കെ. എൻ. രാജ്, ഡോ. പ്രഭാത് പട്നായിക് മുതലായ സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെയും പ്രബന്ധങ്ങൾ ഈ സെമിനാറിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ലോകപ്രതിസന്ധിയെപ്പറ്റിയുള്ള വ്യത്യസ്ത വീക്ഷണങ്ങൾ ഈ ചർച്ചകളിൽ ആവിഷ്കരിക്കപ്പെട്ടു.

മുതലാളിത്തത്തിന്റെ വളർച്ചയിൽ അനിവാര്യമെന്നു് മാർക്സിസ്റ്റുകൾ കരുതുന്ന 'പൊതുക്കുഴപ്പം' (ജനറൽ ക്രൈസിസ്) ആണു് ഇന്നു് അനുഭവപ്പെടുന്നതെന്നു് ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാടു് തന്റെ പ്രബന്ധത്തിൽ പ്രസ്താവിച്ചു. ഈ കുഴപ്പം സാമ്പത്തികരംഗത്തുനിന്നു് രാഷ്ട്രീയരംഗത്തിലേക്കും, ആശയസംഹിതകളുടെ രംഗത്തിലേക്കും സാമൂഹ്യജീവിതത്തിന്റെ എല്ലാ രംഗങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. ഒന്നാം മഹായുദ്ധകാലത്തുതന്നെ ആരംഭിച്ച ഈ പ്രതിസന്ധി കുറിക്കുന്നതു് മുതലാളിത്ത വ്യവ

സ്ഥിതിയുടെ അവസാനം ആരംഭിച്ചിരിക്കുന്നു എന്നാണ്. ആണ്ടോടാണ്ട് ഈ പ്രതിസന്ധി മൂർച്ഛിച്ചു വരുകയുമാണ്.

1919—ൽ ലോകവിസ്തൃതിയിൽ 16 ശതമാനവും ലോകജനസംഖ്യയിൽ 7.8 ശതമാനവും സോഷ്യലിസത്തിൻകീഴിൽ വന്നിരുന്നു. 1964-ൽ ഇതു് യഥാക്രമം 26 ശതമാനവും 34.6 ശതമാനവും ആയി വർദ്ധിച്ചു. ഇതോടൊപ്പം ബ്രിട്ടൻ, ഫ്രാൻസ് മുതലായ സാമ്രാജ്യശക്തികളുടെ കീഴിലുണ്ടായിരുന്ന കോളനികൾ സ്വതന്ത്രങ്ങളായി. ഇങ്ങനെ സ്വതന്ത്രങ്ങളായ കോളനികളുടേതാണ് ഭൂവിസ്തൃതിയിൽ 56 ശതമാനവും ലോകജനസംഖ്യയിൽ 42.6 ശതമാനവും.

ആന്തരവൈരുദ്ധ്യങ്ങളുടെ ഫലമായി മുതലാളിത്ത സമ്പദ്വ്യവസ്ഥ തകരുകയും അതിന്റെ സ്ഥാനത്തു സോഷ്യലിസം നിലവിൽ വരുകയുമെന്നതു് അനിവാര്യമാണ്. സോഷ്യലിസത്തിലേക്കുള്ള ലോകവ്യാപകമായ ഈ പരിവർത്തനമാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നതു്. ഈ പരിവർത്തനപ്രക്രിയ വേദനാരഹിതമായ ഒന്നാവാതെ തരമില്ല.

കൂടെക്കൂടെ ഉണ്ടാവുന്ന വാണിജ്യക്കുഴപ്പങ്ങൾ ആദ്യകാലംമുതല്ക്കേ മുതലാളിത്തത്തിന്റെ സവിശേഷതയായിരുന്നു. ഇന്നു നാം കാണുന്നതു്, പക്ഷേ, ഇത്തരം ആനുകാലികങ്ങളായ വാണിജ്യക്കുഴപ്പങ്ങളല്ല. ഇപ്പോഴുള്ളതു് ഏറെക്കുറെ സ്ഥിരമായ പൊതുക്കുഴപ്പമാണ്. മുതലാളിത്തം കുത്തകമുതലാളിത്തമായതോടെ അതിലെ പൊതുക്കുഴപ്പവും ആരംഭിച്ചു. ഒന്നാം മഹായുദ്ധകാലത്തു് ആരംഭിച്ച ഈ കുഴപ്പത്തിലെ മൂന്നു വ്യത്യസ്ത ഘട്ടങ്ങൾ ശ്രീ ഇ. എം. എസ്. ചൂണ്ടിക്കാണിച്ചു. കുഴപ്പത്തിന്റെ ആരംഭം മുതൽ രണ്ടാം മഹായുദ്ധംവരെയുള്ളതാണ് ആദ്യഘട്ടം. അമേരിക്കയെപ്പോലുള്ള മുതലാളിത്തരാജ്യങ്ങൾ ഈ ഘട്ടത്തിൽ സോവിയററ് യൂണിയനെ നശിപ്പിക്കുവാൻ ശ്രമിക്കുകയും, പിന്നീട് ഫാഷിസത്തെ തോല്പിക്കുന്നതിനുവേണ്ടി ഗത്യന്തരമില്ലാതെ സോവിയററ് യൂണിയനുമായി സഹകരിക്കുകയും ചെയ്തു. സോഷ്യലിസ്റ്റ് വ്യവസ്ഥിതി ഈ കാലഘട്ടത്തിൽ വികസിച്ചു. മുതലാളിത്തത്തിന്റെ പൊതുക്കുഴപ്പത്തിന്റെ രണ്ടാം ഘട്ടത്തിൽ റഷ്യയ്ക്കു പുറമെ കിഴക്കൻ യൂറോപ്പിലും ചൈനയിലുംകൂടി സോഷ്യലിസ്റ്റ് വ്യവസ്ഥിതി നിലവിൽ വന്നു. കോളനികൾ സ്വതന്ത്രങ്ങളായതു പൊതുക്കുഴപ്പത്തിന്റെ മൂന്നാം ഘട്ടത്തിലാണ്. ഈ മുൻ കോളനികളുടേതായ മൂന്നാംചേരി സോഷ്യലിസ്റ്റ് ചേരിയോടു യോജിച്ചാണു ഇന്ന് നിലകൊള്ളുന്നതു്. ഇവയിലെ ഭരണവർഗങ്ങൾ സാമ്രാജ്യവിരുദ്ധസമരത്തിൽ ചാഞ്ചാട്ടം കാണിക്കുന്നുണ്ടെങ്കിലും, ചിലേടത്തു് ഇവർ സാമ്രാജ്യശക്തികളുമായി സഖ്യത്തിലാണെങ്കിലും പൊതുവേ മുൻകോളനികളുടെ ചായ്വ് സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ ഭാഗത്താണ്; ആയിരിക്കുകയും ചെയ്യും.

മുതലാളിത്തം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. വ്യാവസായിക വളർച്ചയുടെ മുരടിപ്പും നാണ്യപ്പെരുപ്പവും (സ്റ്റാഗ്ഫ്ളേഷൻ) കാണിക്കുന്നതു് ഈ ക്ഷയത്തെയാണ്. ആയുധ നിർമാണവ്യവസായങ്ങൾ പോഷിപ്പിച്ച് ഈ കുഴപ്പത്തിൽനിന്നു പുറത്തു ചാടാമെന്നാണ് മുതലാളിത്ത രാജ്യങ്ങൾ ഇപ്പോൾ വ്യാമോഹിക്കുന്നതു്. മുതലാളിത്തരാജ്യങ്ങളെ ഇപ്പോൾ നിയന്ത്രിക്കുന്നതു് 'മിലിട്ടറി-ഇൻഡസ്ട്രിയൽ-കോംപ്ലക്സുകൾ' ആണ്. പക്ഷേ, ഇതുകൊണ്ടു മുതലാളിത്തത്തിലെ സാമ്പത്തിക മാന്ദ്യം നീങ്ങുന്നില്ല. കമ്മിബജററ്, പണപ്പെരുപ്പം, കച്ചവടമാന്ദ്യം, വില വർദ്ധന, തൊഴിലില്ലായ്മ എന്നിവ മുതലാളിത്ത സമ്പദ്വ്യവസ്ഥയെ ആകെ തകിടം മറിക്കുന്നു. ജനങ്ങൾക്കിടയിൽ അസ്വാസ്ഥ്യം വളരുന്നു. അവരുടെ പ്രക്ഷോഭങ്ങൾ ഉഗ്രങ്ങളാകുന്നു. മുതലാളിത്തച്ചേരിയിൽത്തന്നെ പിളർപ്പുകൾ പ്രത്യക്ഷപ്പെടുന്നു. മൂന്നാം ചേരിയിലെ രാജ്യങ്ങൾ കൂടുതൽ കൂടുതൽ സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങൾ

അധികാധികം ശക്തി പ്രാപിക്കുന്നു. മുതലാളിത്തത്തെ അപേക്ഷിച്ച് സോഷ്യലിസത്തിനുള്ള മേന്മ അധികാധികം വ്യക്തമാകുന്നു.

സോഷ്യലിസ്റ്റ് ചേരിയിലുമില്ലേ കുഴപ്പം? ഉണ്ട്. പക്ഷേ, മുതലാളിത്തച്ചേരിയിലെ കുഴപ്പത്തിൽ നിന്ന് ഇതു മൗലികമായി വ്യത്യാസപ്പെട്ടിരിക്കുന്നു. മുതലാളിത്തത്തിന്റെ വളർച്ചയുടെ നിയമങ്ങളാണ് മുതലാളിത്ത കുഴപ്പത്തിനു കാരണം. അതിനാൽ കുഴപ്പം മുതലാളിത്തത്തിൽ അനിവാര്യമാണ്. നേരെമറിച്ച് സോഷ്യലിസ്റ്റ് ചേരിയിലെ കുഴപ്പത്തിനു കാരണം സോഷ്യലിസ്റ്റ് വളർച്ചയുടെ നിയമങ്ങളം അനുസരിക്കായ്കയാണ്. ഈ നിയമങ്ങളം അനുസരിച്ചാൽ മതി, സോഷ്യലിസ്റ്റ് ചേരിയിലെ കുഴപ്പം പരിഹരിക്കപ്പെടും.

എന്തെല്ലാമാണ് സോഷ്യലിസ്റ്റ് വളർച്ചയുടെ നിയമങ്ങളം? മുതലാളിത്ത വ്യവസ്ഥിതിയോടു സഹവർത്തിക്കുന്ന കാലത്തോളം സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലും നാണ്യപ്പെരുപ്പംപോലുള്ള കുഴപ്പങ്ങളം പകരാതിരിക്കുകയില്ല. മുതലാളിത്തവുമായി സഹവർത്തിച്ച്, അതിന്റെ ദോഷങ്ങളം തീണ്ടാതെ, മുതലാളിത്തക്കുഴപ്പം നൽകുന്ന അവസരം ഉപയോഗപ്പെടുത്തി സ്വയം വളരുന്നതിനു സോഷ്യലിസ്റ്റ് നേതൃത്വം അത്യന്തം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ഇതാണ് സോഷ്യലിസ്റ്റ് വളർച്ചയുടെ ഒന്നാം നിയമം.

രണ്ടാമതു്, ഘന-ലഘു-വ്യവസായങ്ങളം, വ്യവസായവും കൃഷിയും, നഗരവും ഗ്രാമവും, നിക്ഷേപവും ഉപഭോഗവും, ഭൗതിക ജീവിതവും സാംസ്കാരിക ജീവിതവും മുതലായ ബന്ധങ്ങളംക്കിടയിൽ സന്തുലനം നിലനിറുത്തിക്കൊണ്ടു വേണം സോഷ്യലിസ്റ്റ് പ്ലാനിങ് നടത്താൻ. ഭൂമി ഉൾപ്പെടെയുള്ള ഉല്പാദനോപകരണങ്ങളം എല്ലാം പടിപടിയായി ദേശസാൽക്കരിക്കുകയും കൂട്ടമയിലാക്കുകയും സാമൂഹ്യനിയന്ത്രണത്തിൽ കൊണ്ടുവരികയും വേണമെന്നതാണ് സോഷ്യലിസ്റ്റ് വളർച്ചയുടെ മൂന്നാമത്തെ നിയമം. നാലാമതായി, മതത്തിന്റെ സ്വാധീനമടക്കം തൊഴിലാളിവർഗതാല്പര്യങ്ങളംക്കു വിരുദ്ധമായ ആശയസംഹിതകളംക്കെതിരേ തൊഴിലാളിവർഗത്തിന്റെ പാർട്ടിയും സ്റ്റേററും നിരന്തരമായി സമരം നടത്തണം. സർവോപരി കമ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വവും അധികാരത്തിന്റെ ജനാധിപത്യ കേന്ദ്രീകരണസിദ്ധാന്തവും ഒരു കാലത്തും ഒരു സോഷ്യലിസ്റ്റ് സ്റ്റേററിൽനിന്നു് ഒഴിവാക്കിക്കൂടാ.

പോളണ്ടുപോലെയുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ കുഴപ്പങ്ങളംക്കു കാരണം ഈ നിയമങ്ങളം പാലിക്കപ്പെടാത്തതാണ് എന്നു് ശ്രീ നമ്പൂതിരിപ്പാടു് പ്രസ്താവിക്കുന്നു. സാമ്പത്തികവികസനത്തിൽ സന്തുലനം, ഭൂമിയുടെ ദേശസാൽക്കരണം, കത്തോലിക്ക ആശയ സംഹിതയ്ക്കെതിരായ സമരം, പാർട്ടിയുടെ നേതൃത്വം എന്നീ നാലു കാര്യങ്ങളിലെങ്കിലും പോളണ്ട് ശ്രദ്ധിക്കാതിരിക്കുകയാണ് ചെയ്തിട്ടുള്ളതു്. ഇതിന്റെ ഫലം ഇപ്പോഠം പോളണ്ട് അനുഭവിക്കുകയും ചെയ്യുന്നു.

ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനത്തിൽ വന്നുചേർന്നിട്ടുള്ള വലതു്-ഇടതു് വ്യതിയാനങ്ങളുടെ ഫലമായി ലോകവിപ്ലവപ്രക്രിയയ്ക്കു നേരിട്ടിട്ടുള്ള ദൗർബല്യമാണ് തന്റെ പ്രബന്ധത്തിൽ ശ്രീ രണദിവേ വിസ്തരിച്ചു ചർച്ച ചെയ്യുന്നതു്. സ്റ്റാലിനു ശേഷം റഷ്യയിലാണ് വലതുപക്ഷ വ്യതിയാനം ആരംഭിച്ചതു്. ഇപ്പോഠം ഇററലി, ഫ്രാൻസ്, സ്പെയിൻ, ജപ്പാൻ എന്നീ രാജ്യങ്ങളിലെയടക്കം നാലഞ്ചു വലിയ കമ്യൂണിസ്റ്റ് പാർട്ടികളംതന്നെ തൊഴിലാളിവർഗത്തിന്റെ സാർവദേശീയത, വിപ്ലവാനന്തരം തൊഴിലാളിവർഗത്തിന്റെ ഏകാധിപത്യം എന്നീ സങ്കല്പനങ്ങളെ മാത്രമല്ല, മാർക്സിസം-ലെനിനിസത്തിനു തങ്ങളുടെ രാജ്യങ്ങളിലുള്ള പ്രസക്തിയെക്കൂടി തള്ളിപ്പറയാനും, പാർലമെൻററി പ്രവർത്തനത്തിലൂടെ സോഷ്യലി

സം നടപ്പിലാക്കാമെന്നു വാദിക്കാനും തുടങ്ങിയിരിക്കുന്നു. ഇതു് ഒരുവശം. മറുവശത്തു് ഇടതുപക്ഷ വ്യതിയാനത്തിന്റെ ഉദാഹരണമാണു് ചൈന. സോവിയററ് റഷ്യയിലുള്ളതു സോഷ്യലിസമല്ല. 'സോഷ്യൽ ഇമ്പീരിയലിസ'മാണെന്നു വാദിക്കുന്ന ചൈന, റഷ്യക്കെതിരായി അമേരിക്കയുമായി കൂട്ടുകൂടുന്നതിൽപ്പോലും യാതൊരു തെററും കാണുന്നില്ല. ചുരുക്കത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലുള്ള രാഷ്ട്രീയ ഭിന്നിപ്പുകളെയാണു്, അതിനകത്തുള്ള സാമ്പത്തികവൈഷമ്യങ്ങളെയല്ല, രണ്ടിലേ ചർച്ചാവിഷയമാക്കിയതു്.

മുതലാളിത്ത വ്യവസ്ഥിതിയെന്നപോലെ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയും കടുത്ത സാമ്പത്തികപ്രതിസന്ധികളിൽക്കൂടി കടന്നുപോവുകയാണെന്നും, ഈ പ്രതിസന്ധികൾ മുതലാളിത്തത്തിന്റെ മാത്രം സവിശേഷതയല്ലെന്നുമാണു്, സമകാല-മാർക്സിസ്റ്റ്-സാമ്പത്തിക ചിന്തകരെ ഉദ്ധരിച്ചു് ഡോ. കെ. എൻ. രാജ് സ്ഥാപിച്ചതു്. സന്തുലിത സാമ്പത്തിക വികസനത്തിനു വേണ്ടിയാണു് മാവോ സിഡോങ് വാദിച്ചിരുന്നതു്. എന്നിട്ടും ചൈനീസ് സാമ്പത്തിക വികസനത്തിനു പല വൈഷമ്യങ്ങളും നേരിടേണ്ടിവന്നു. വിപ്ലവാനന്തരം സോവിയററ് യൂണിയനിലോ കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളിലോ നിലവിൽ വന്നതു് സോഷ്യലിസ്റ്റ് സമൂഹമല്ല. മാർക്സ് പ്രവചിച്ച മാതിരി, ഈ സമൂഹങ്ങളിൽ വർഗഭേദം ഇല്ലാതായില്ല. ഭരണകൂടം ഈ സമൂഹങ്ങളിൽ ഉണങ്ങിക്കരിഞ്ഞു പോവുകയല്ല, നേരേ മറിച്ചു് കൂടുതൽ കേന്ദ്രീകൃതവും ശക്തവുമാവുകയാണുണ്ടായതു്. തൊഴിലാളിവർഗ സാർവദേശീയത്വ'മെന്നതിനു് ഈ സമൂഹങ്ങളോരോന്നും കല്പിച്ച അർത്ഥം തങ്ങളുടെ ദേശീയതാല്പര്യമെന്നായിരുന്നു. ഈ രാജ്യങ്ങൾ ആത്മരക്ഷയ്ക്കുവേണ്ടി മാത്രമല്ല, ആക്രമണോദ്ദേശ്യത്തോടെയും യുദ്ധത്തിലേർപ്പെടുകയുണ്ടായി. കമ്യൂണിസ്റ്റ് പാർട്ടികൾ ഭരിക്കുന്ന രാജ്യങ്ങൾ പരസ്പരം യുദ്ധം നടത്തുകകൂടിയുണ്ടായി. ഇത്തരം കാരണങ്ങളാൽ, സോവിയററ് റഷ്യ അടക്കമുള്ള സമൂഹങ്ങളെ സോഷ്യലിസ്റ്റ് സമൂഹമെന്നു വിളിക്കുന്നതു ശരിയല്ലെന്നും 'വിപ്ലവാനന്തര സമൂഹം' എന്ന പേരാണു് അവയ്ക്കു പററുകയെന്നും പാറം സ്വീഡി എന്ന മാർക്സിസ്റ്റ് ധനശാസ്ത്രജ്ഞൻ പ്രസ്താവിച്ചിട്ടുള്ളതു് ഡോ. രാജ് എടുത്തുകാട്ടി.

'നിർമിക്കപ്പെടുന്ന വസ്തുക്കളുടെ ഗുണം കണക്കാക്കാതെ അളവു മാത്രം കണക്കാക്കിയാൽപ്പോലും, സോവിയററ് സമ്പദ്‌വ്യവസ്ഥ അതിന്റെ വിഭവശേഷിക്കനുസരിച്ചോ, നേതാക്കളുടെ ആഗ്രഹമനുസരിച്ചോ, ഉല്പാദിപ്പിക്കാവുന്നതിൽ എത്രയോ കുറച്ചു മാത്രമാണു് ഉല്പാദിപ്പിക്കുന്നതു്. മുതലാളിത്തരാജ്യങ്ങളിൽനിന്നു് മൂലധനവും പരിഷ്കൃത സാങ്കേതികവിദ്യയും ഇറക്കുമതി ചെയ്തു് ഈ കുറവു പരിഹരിക്കാൻ സോവിയററ് റഷ്യ പരിശ്രമിക്കുന്നുണ്ടു്. പക്ഷേ, സോവിയററ് സമൂഹത്തിലെ മുഖ്യ പ്രശ്നം മനുഷ്യത്വപരവും സാമൂഹ്യവുമാണു്; സാങ്കേതികവിദ്യ സംബന്ധിച്ചതല്ല. സോവിയററ് റഷ്യൻ സമൂഹം വളർച്ചമുട്ടിനില്ക്കുകയാണെന്നു പറഞ്ഞാൽ അതു കുറച്ചു കടന്നുപോവും. പക്ഷേ, അവിടത്തെ സമ്പദ്‌വ്യവസ്ഥ വളർച്ച മുട്ടലിന്റെ ദശയിലേക്കു കടന്നിരിക്കുകയാണെന്നും, പുറത്തുകടക്കാനുള്ള വഴികൾ ഇനിയും കാണുന്നില്ലെന്നും പറയുന്നതു തെററാവില്ല' എന്നു പോൾ സ്വീഡി പ്രസ്താവിച്ചതും ഡോ. രാജ് തന്റെ പ്രബന്ധത്തിൽ ഉദ്ധരിച്ചു.

'ഇന്ത്യയിലേക്കു് ഒരു കണ്ണു്' എന്ന പ്രസിദ്ധ ഗ്രന്ഥം എഴുതിയ ബ്രിട്ടീഷ് മാർക്സിസ്റ്റ് ആയ ഡേവിഡ് സെൽബോൺ ഏപ്രിൽ 15-ലെ 'ഇന്ത്യ ടുഡേ' എന്ന വാരികയിൽ 'രണ്ടാം ശീതയുദ്ധം' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനം ഈ സന്ദർഭത്തിൽ പ്രസക്തമാണു്. മുതലാളിത്ത വ്യവസ്ഥിതിയും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയും ഒരേതരം ആഭ്യന്തര സമ്മർദങ്ങൾക്കു വിധേയങ്ങളായിക്കൊണ്ടിരിക്കുകയാണെന്നു് സെൽ

ബോൺ പറയുന്നു. അമേരിക്കയിലും സോവ്യററ് റഷ്യയിലും സാമൂഹ്യ സാമ്പത്തികക്കുഴപ്പങ്ങൾ ഒരേ സമയം മൂർച്ഛിച്ചു വരുകയാണ്.

പുനരായുധവത്ക്കരണത്തിലൂടെ സാമ്പത്തികപ്രതിസന്ധിക്കു പരിഹാരമുണ്ടാക്കാൻ അമേരിക്ക ശ്രമിക്കുന്നു. അമേരിക്കയുടെ പ്രാകൃതമായ കമ്യൂണിസവിരോധം തങ്ങളുടെ പുനരായുധവത്ക്കരണത്തിന്റെ സാധൂകരണമായി റഷ്യയും ഉപയോഗപ്പെടുത്തുന്നു. ഫലമോ? രണ്ടു രാജ്യങ്ങളിലെയും 'മിലിട്ടറി ഇൻഡസ്ട്രിയൽ-കോംപ്ലക്സുകൾ' ശക്തി പ്രാപിക്കുന്നു.

ദേശീയോത്പാദനം കുറഞ്ഞും വ്യവസായ സ്ഥാപനങ്ങൾ തകർന്നും തൊഴിലില്ലായ്മ വർദ്ധിച്ചും വരുന്ന അമേരിക്ക അടുത്ത മൂന്നു വർഷങ്ങളിൽ ആയുധവല്ക്കരണത്തിന് 6,89,400 കോടി രൂപയാണ് ബജററിൽ വകയിരുത്തിയിട്ടുള്ളത്. 1980-കളുടെ മദ്ധ്യമാവുമ്പോഴേക്ക് അമേരിക്കയുദ്ധരംഗത്തു് പട്ടാളക്കാർക്കെതിരെ പ്രയോഗിക്കാവുന്ന (സ്ട്രാറെറജിക്) 10,000-ത്തിലേറെ അണ്വായുധങ്ങൾ ഉണ്ടാക്കിക്കഴിയും. ഇവയിൽ 500 എണ്ണം മതിയാവും സോവിയററ് റഷ്യയെ നശിപ്പിക്കാൻ. ഇതിനോടു തുല്യമായ ഒരണ്വായുധശേഖരം ഉണ്ടാക്കാതിരിക്കാൻ സോവിയററ് റഷ്യയ്ക്കും കഴിയുകയില്ലല്ലോ.

വിപ്ലവത്തിനു ശേഷം 65 വർഷം കഴിഞ്ഞിട്ടും ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യേണ്ട നിലയിലാണ് സോവിയററ് റഷ്യ. 1982-ൽ അവർ നാലുകോടി മുപ്പതു ലക്ഷം ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നു. അതേസമയം, ആയുധപ്പന്തയത്തിൽ അമേരിക്കയോടു തോല്ക്കാതിരിക്കാനും റഷ്യയ്ക്ക് അത്യധ്വാനം ചെയ്യേണ്ടിവരുന്നുണ്ട്. ഇതിൻ ഫലമായി, സാമ്പത്തികക്കുഴപ്പം, നാണയപ്പെരുപ്പം, ഭരണത്തിൽ കൂടുതൽ കൂടുതൽ ഏകാധിപത്യപ്രവണത, ജനകീയ പ്രക്ഷോഭണങ്ങളും ശക്തി ഉപയോഗിച്ച് അവയെ അടിച്ചമർത്തലും—ഇതെല്ലാം പോളണ്ടിലെപ്പോലെ മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിലും നീറിപ്പുകഞ്ഞുവരികയാണെന്ന് സെൽബോൺ പറയുന്നു.

മുതലാളിത്തമായാലും സോഷ്യലിസമായാലും, പാശ്ചാത്യസമൂഹത്തിന്റെ പൊതു സ്വഭാവമാണ്, ഊർജത്തിലുള്ള പരമാവധി ആശ്രയവും, അമിതമായ, ഉപഭോഗവും. ഈ സമൂഹം നാശത്തിലേക്ക് ത്വരിതഗതിയിൽ മുന്നേറുകയാണെന്നും സെൽബോൺ കരുതുന്നു. യന്ത്രവത്ക്കൃത വ്യവസായങ്ങൾ ആകാവുന്നത്ര വികസിച്ചു കഴിഞ്ഞുവെന്നും, ഭൂമിയിലെ പരിസ്ഥിതിസന്തുലനം പൂർണമായും അപകടപ്പെടുത്താതെ ഇതിനെക്കാൾ കൂടുതൽ വ്യവസായവത്ക്കരണം സാദ്ധ്യമല്ലെന്നും വിശ്വസിക്കുന്നവർ കുറവല്ല. പുനരുല്പാദിപ്പിക്കാൻ കഴിയാത്ത എണ്ണ, കൽക്കരി, ലോഹങ്ങൾ മുതലായവയുടെ ഉപഭോഗം കർക്കശമായി നിയന്ത്രിക്കുകയും, കൃഷി, മത്സ്യബന്ധനം മുതലായ പുനർനവീകരണക്ഷമങ്ങളായ പ്രവർത്തനങ്ങളിൽപോലും സുചിന്തിതമായ സന്തുലനം നിലനിറുത്തുകയും വേണമെന്ന ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്. മനുഷ്യരെല്ലാംതന്നെ കുറേക്കൂടി ലളിതവും മിതവും പ്രകൃത്യനുസൃതവും ആയ ഒരു ജീവിതവ്യവസ്ഥിതിയിലേക്കു മടങ്ങണമെന്നു വാദിക്കുന്നവരും കുറവല്ല. ഇവരുടെയൊക്കെ അഭിപ്രായത്തിൽ, ഇന്നത്തെ സാമ്പത്തിക-സാമൂഹ്യക്കുഴപ്പങ്ങൾ വ്യാവസായിക സമൂഹത്തിനു പൊതുവെ ഉള്ളവയാണ്. ഈ കുഴപ്പങ്ങൾ മുതലാളിത്തത്തിലും കമ്യൂണിസത്തിലും ഏറെക്കുറെ സമാനരൂപത്തിൽ സംഭവിക്കുന്നവയുമാണ്.

ഈ വീക്ഷണഗതിക്കു് ഡേവിഡ് സെൽബോണും പാറഃ സ്വീഡിയും പിന്തുണ നൽകുന്നതുപോലെ തോന്നുന്നു.

16 ഏപ്രിൽ, 1982